ഉത്തരം

(എ) പഞ്ചായത്ത് അടിസ്ഥാനത്തിലല്ല പ്ലസ് ടു കോഴ്സ് അനുവദിക്കുന്നത്.

(ബി) പ്ലസ് ടു കോഴ്സ് അനുവദിക്കുന്ന അവസരത്തിൽ ലാബറട്ടറി, ലൈബ്രറി എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

പെരിയ ഗവൺമെന്റ് ഹൈസ്കൂളിൽ വി. എച്ച്. എസ്. സി. അനുവദിക്കുന്നതിനു നൽകിയ ഹർജി

114 (4396) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ആരംഭിക്കുന്നതിന് കാസർഗോഡ് ജില്ലയിൽ ഏതൊക്കെ സ്കൂളുകളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ :

(ബി) വി. എച്ച്.എസ്.സി. അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ജില്ലയിലെ പെരിയ ഗവൺമെന്റ് ഹൈസ്കൂൾ നൽകിയ ഹർജിയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) പുതിയ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ആരംഭിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) പുതിയ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ആരംഭിക്കുന്നതിന് നടപടിയെടുക്കുമ്പോൾ മാത്രമേ പെരിയ ഗവ. ഹൈസ്കൂളിന്റെ ഹർജി പരിഗണിയ്ക്കുവാൻ കഴിയുകയുള്ളൂ.

കണ്ണൂർ ജില്ലയിലെ സംരക്ഷിത അദ്ധ്യാപകർ

115 (4397) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ സ്വകാര്യ പ്രാഥമിക വിദ്യാലയങ്ങളിലായി എത്ര സംരക്ഷിത അദ്ധ്യാപകരുണ്ട് ;

(ബി) എത്ര സംരക്ഷിത അദ്ധ്യാപകർക്ക് സർക്കാർ സ്കൂളിൽ നിയമനം നൽകിയിട്ടുണ്ട് ; അത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ ;

(സി) എൽ.പി./യു.പി.എസ്.എ. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് എപ്പോഴാണ് ;

(ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നോ എപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ അല്ലാതെ കരാടിസ്ഥാനത്തിലോ ദിവസകൂലി ഇനത്തിലോ നിയമനം നടത്താൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എപ്രകാരം എത്ര നിയമനം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly